"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതുമായ ലക്ച്ചറർ/ അസിസ്റ്റന്റ് പ്രൊഫസർ/ അസോഷ്യേറ്റ് പ്രൊഫസർ / പ്രൊഫസർ തസ്തികകളിലെ മെഡിക്കൽ അധ്യാപകരുടെ റഗുലറൈസേഷൻ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.175/2025/H&FWD തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-

1. 2019- കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട്.
2. 09/10/2020-ലെ സ.ഉ.(കൈ).നം.131/2020/ആ.കു.വ
3. 16/03/2022-ലെ സ.ഉ.(കൈ).നം.58/2022/ആ.കു.വ
4. 24/08/2022 ലെ 104/എസ് 1/2022/ ആ.കു.വ നമ്പർ കത്ത്
5. 28/01/2023-ലെ സ.ഉ.(കൈ).നം.22/2023/ആ.കു.വ
6. 28/01/2023-ലെ സ.ഉ.(കൈ).നം.23/2023/ആ.കു.വ
7. 28/01/2023-ലെ സ.ഉ.(കൈ).നം.24/2023/ആ.കു.വ
8. 28/01/2023-ലെ സ.ഉ.(കൈ).നം.25/2023/ആ.കു.വ
9. 28/01/2023-ലെ സ.ഉ.(കൈ).നം.26/2023/ആ.കു.വ
10. 28/01/2023-ലെ സ.ഉ.(കൈ).നം.27/2023/ആ.കു.വ
11. 18/01/2025-ലെ സ.ഉ.(കൈ).നം.19/2025/ആ.കു.വ
12. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 09/08/2024-ലെ എൻ സി 4/ 230/2024/മെ.വി.വ നമ്പർ കത്ത്.
13. കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നുള്ള 20/03/2025-ലെ എ2- 3/9/2024-കെ പി എസ് സി-പാർട്ട് (3) നമ്പർ കത്ത്.

**ഉത്തരവ്**

സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും പരാമർശം (1) ആക്ട് പ്രകാരം 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ട് വരികയുണ്ടായി.

2).സർക്കാർ സർവ്വീസിലേക്ക് ഏറ്റെടുക്കപ്പെടുന്ന ജീവനക്കാരിൽ മെഡിക്കൽ അധ്യാപക വിഭാഗങ്ങളിൽ ഉൾപ്പെട്ട സ്ഥിര ജീവനക്കാരെ അക്കൊമൊഡേറ്റ് ചെയ്യുന്നതിനായി 147 തസ്തികകൾ സൃഷ്ടിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തസ്തികകളിലേക്ക് ഡോക്ടർമാരെ അക്കൊമൊഡേറ്റ് ചെയ്യുന്നതിന് അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ഏറ്റെടുത്ത ജീവനക്കാർക്ക് ഓപ്ഷൻ (സ്റ്റാൻഡ് എലോൺ അല്ലെങ്കിൽ എൻടി കേഡർ) സമർപ്പിക്കുന്നതിന് അവസരം നൽകിയ 07/10/2021 ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) കത്തിലെ നിർദ്ദശാനുസരണം പ്രസ്തുത ജീവനക്കാർക്ക് സ്റ്റാൻഡ് എലോൺ അല്ലെങ്കിൽ എൻടി കേഡറിൽ ഓപ്ഷൻ സമർപ്പിക്കാൻ അവസരം നൽകുകയും, ജീവനക്കാർ സമർപ്പിച്ച ഓപ്ഷൻ ഫോം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓർഡിനൻസിലെയും ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മറ്റ് തുടർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ, പരാമർശം (5) മുതൽ (10) വരെയുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഡോക്ടർമാർക്ക് താൽക്കാലിക നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

3).മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും പരാമർശം (7), (8) ഉത്തരവുകൾ പ്രകാരം എൻടി കേഡറിൽ നിയമിക്കപ്പെട്ടതുമായ 27 അസിസ്റ്റന്റ് പ്രൊഫസർ, 7 ലക്ചറർ അധ്യാപക തസ്തികകളിലെ ജീവനക്കാരുടെ നിയമനം ക്രമീകരിച്ച് പരാമർശം (11) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4).തുടർന്ന് മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും ഓപ്ഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5),(6),(9),(10) എന്നിവ പ്രകാരം സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമനം ലഭിച്ചതുമായ ലക്ചറർ / അസിസ്റ്റന്റ് പ്രൊഫസർ/ അസോഷ്യേറ്റ് പ്രൊഫസർ/ പ്രൊഫസർ തസ്തികകളിലെ മെഡിക്കൽ അധ്യാപകരുടെ റെഗുലറൈസേഷൻ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളോട് കൂടി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം ലഭ്യമാക്കി അംഗീകരിക്കാവുന്നതാണെന്ന താൽകാലിക തീരുമാനം സർക്കാർ കൈകൊണ്ടിരുന്നു.

(i). സ്റ്റാന്റ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട മെഡിക്കൽ അദ്ധ്യാപകരുടെ സർക്കാർ സർവീസിലെ സേവനം ക്രമീകരിക്കുന്നത് (ഏറ്റെടുക്കൽ തീയതിയിൽ അവധിയിൽ അല്ലാത്തവരുടേത്) 02/03/2019 തീയതി പ്രാബല്യത്തിൽ ആണ്.
(ii). ടിയാളുകളുടെ മുൻ പരിയാരം മെഡിക്കൽ കോളേജിലെ സർവ്വീസ് യാതൊരുവിധ സർവ്വീസ്/സാമ്പത്തിക ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.
(iii). സ്റ്റാന്റ് എലോൺ ഓപ്ഷൻ സ്വീകരിച്ചിട്ടുള്ളവർക്ക് റഗുലർ ലൈൻ ഓഫ് പ്രൊമോഷൻ ലഭിക്കാനോ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പൊതു സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാനോ, പൊതുസ്ഥലംമാറ്റത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല. കണ്ണൂർ മെഡിക്കൽ കോളേജിൽ തന്നെ സ്റ്റാന്റ് എലോൺ ആയി തുടരാവുന്നതും വാർഷിക വേതന വർദ്ധനവ് നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ, യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്റ്റാന്റ് എലോൺ തസ്തികകളിൽ മാത്രമുള്ള സ്ഥാനക്കയറ്റം എന്നിവ നിയമാനുസരണം നേടിയ ശേഷം കണ്ണൂർ മെഡിക്കൽ കോളേജിൽ നിന്നു തന്നെ വിരമിച്ചുപോകുന്നതാണ്. ടിയാളുകളെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ കോമൺ പൂളിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുന്നതല്ല. ടി

ജീവനക്കാർക്ക് മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് സ്ഥലംമാറ്റത്തിനു അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ സന്നിഗ്ദ്ധഘട്ടത്തിൽ സർക്കാരിനോ/മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കോ ടിയാളുകളെ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കാവുന്നതാണ്.

(iv). 02/03/2019 തീയതിയിൽ ടി ജീവനക്കാരുടെ അവധി അക്കൗണ്ടിൽ ഉള്ള അവധിയുടെ നീക്കിയിരിപ്പ് (0) പൂജ്യം ആയിരിക്കുന്നതാണ്.

(v). പ്രൊഫസർ തസ്തികയിൽ നിയമിതരായ അധ്യാപകർക്ക്, സ്ഥാനക്കയറ്റത്തിനു അർഹതയുണ്ടായിരിക്കുന്നതല്ല.

(vi). അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിയമിതരായവർക്ക് മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും അക്കൊമ്മോഡേറ്റ് ചെയ്ത സ്റ്റാന്റ് എലോണിൽ തുടരുന്ന പ്രൊഫസർ വിരമിക്കുന്നതനുസരിച്ച പ്രസ്തുത തസ്തികകളിലേക്ക് എൻഎംസി/സർക്കാർ നിഷ്കർഷിക്കുന്ന യോഗ്യതയുണ്ടെങ്കിൽ മാത്രം ഡിപിസി തീരുമാനം കൂടി ലഭ്യമാക്കി സർക്കാർ തീരുമാനത്തിനു വിധേയമായി സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(vii). സ്റ്റാന്റ് എലോൺ ആയി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമിതരായ അധ്യാപകർക്ക് മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും അക്കൊമൊഡേറ്റ് ചെയ്ത അസോസിയേറ്റ് പ്രൊഫസർ വിരമിക്കുന്ന/സ്ഥാനക്കയറ്റം ലഭിക്കുന്ന ഒഴിവിലേയ്ക്ക് പ്രസ്തുത തസ്തികകളിലേയ്ക്ക് എൻഎംസി/സർക്കാർ നിഷ്കർഷിക്കുന്ന യോഗ്യതയുണ്ടെങ്കിൽ മാത്രം ഡിപിസി തീരുമാനം കൂടി ലഭ്യമാക്കി സർക്കാർ തീരുമാനത്തിനു വിധേയമായി സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(viii). സ്റ്റാന്റ് എലോൺ ആയി നിയമിതരായ ലക്ചറർമാർ പി.ജി.യോഗ്യത നേടുന്ന മുറയ്ക്ക് മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും അക്കൊമൊഡേറ്റ് ചെയ്ത സ്റ്റാന്റ് എലോൺ അസിസ്റ്റന്റ് പ്രൊഫസർ വിരമിക്കുന്ന/സ്ഥാനക്കയറ്റം ലഭിക്കുന്ന ഒഴിവിലേയ്ക്ക് പ്രസ്തുത തസ്തികകളിലേയ്ക്ക് എൻ.എം.സി/സർക്കാർ നിഷ്കർഷിക്കുന്ന യോഗ്യതയുണ്ടെങ്കിൽ മാത്രം സർക്കാർ തീരുമാനത്തിന് വിധേയമായി പുനർനാമകരണത്തിന് (റീ-ഡെസിഗ്നേഷൻ) അർഹതയുണ്ടായിരിക്കുന്നതാണ്.

(ix). നിയമനക്രമീകരണത്തിന് ശേഷം ജീവനക്കാരുടെ ഏറ്റെടുക്കൽ തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി പട്ടിക (ഓരോ വകുപ്പിന്റേയും) കണ്ണൂർ മെഡിക്കൽ കോളജ് പ്രിൻസിപ്പൽ തയ്യാറാക്കി, എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയതു പരിഹരിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

(x). ടി ജീവനക്കാർക്ക് നാഷണൽ പെൻഷൻ പദ്ധതിയാണ് ബാധകമായിട്ടുള്ളത്. ടിയാളുകളുടെ വിരമിക്കൽ പ്രായം 62 വയസ്സാണ്. കാലാകാലങ്ങളിൽ സർക്കാർ ഇതിലേയ്ക്കായി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇവർക്ക് ബാധകമായിരിക്കും.

(xi). നിയമന ക്രമീകരണത്തിന് ശേഷം ടി ജീവനക്കാരുടെ കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ട് കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ തയ്യാറാക്കേണ്ടതാണ്.

(xii). നിയമിക്കപ്പെടുന്ന തസ്തികയിൽ ടി ജീവനക്കാർ സ.ഉ(അ)നം.17/2018/ഉ.ഭ.പ.വ തീയതി 27/12/2018 പ്രകാരം പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(xiii). 02/03/2019 പ്രാബല്യത്തിൽ അവധിയിൽ/വീക്കിലി ഓഫ് ആയിരുന്ന ജീവനക്കാരുടെ സേവന ക്രമീകരണ തീയതി സർക്കാർ തലത്തിൽ നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(xiv).ടി ജീവനക്കാർക്ക് 02/03/2019 മുതൽ കേരള സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റ ചട്ടങ്ങളും കേരള സിവിൽ സർവീസ് ചട്ടങ്ങളും ബാധകമാകുന്നതാണ്.

5).മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതുമായ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ ലക്ച്ചറർ (9 പേർ)/ അസിസ്റ്റന്റ് പ്രൊഫസർ (5 പേർ)/ അസോഷ്യേറ്റ് പ്രൊഫസർ (26 പേർ)/ പ്രൊഫസർ (29 പേർ) തസ്തികകളിലെ മെഡിക്കൽ അധ്യാപകരുടെ റഗുലറൈസേഷനുള്ള പ്രൊപ്പോസൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിനായി അയച്ചുനൽകുകയും ആയത് പരിശോധിച്ച കമ്മീഷൻ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മേൽ നിബന്ധനകൾക്ക് വിധേയമായി ടി ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതിന് പരാമർശം (13) പ്രകാരം ഉപദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ , സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ അനുബന്ധമായി ചേർത്തിരിക്കുന്ന മെഡിക്കൽ അധ്യാപകരുടെ നിയമനം മേൽ നിബന്ധനകൾക്ക് വിധേയമായി ക്രമീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജനാർദ്ദനൻ കെ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ബന്ധപ്പെട്ട ഫാക്കൽറ്റികൾക്ക് (ഡി എം ഇ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (എസ് 1/ 141/ 2021/ ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 17-06-2025 11:02:13

**അനുബന്ധം-എ**

| ക്രമനമ്പർ | പേര് | തസ്തിക/വിഭാഗം |
|---|---|---|
| 1 | ഡോ.പി.സി.ഷാജി | ലക്ചറർ,<br>ജനറൽ മെഡിസിൻ |
| 2 | ഡോ.അരുൺ കുമാർ.പി | ലക്ചറർ,<br>ജനറൽ സർജറി |
| 3 | ഡോ.പ്രശാന്ത് കുമാർ.കെ | ലക്ചറർ,<br>ജനറൽ സർജറി |
| 4 | ഡോ.രവികുമാർ.പി | ലക്ചറർ, |

| | | |
|---|---|---|
| | | പീഡിയാട്രിക്സ് |
| 5 | ഡോ.രാഹുൽ ആനന്ദ് | ലക്ചറർ,<br><br>അനസ്തേഷ്യോളജി |
| 6 | ഡോ.രാധാകൃഷ്ണൻ.കെ | ലക്ചറർ,<br><br>അനസ്തേഷ്യോളജി |
| 7 | ഡോ.മനോജ് കുമാർ.കെ.പി | ലക്ചറർ,<br><br>ഓർത്തോപീഡിക്സ് |
| 8 | ഡോ.മൊഹമ്മദ് സയീം | ലക്ചറർ,<br><br>റേഡിയോഡയഗ്നോസിസ് |
| 9 | ഡോ.ശ്രുതി.എസ്.നാഥ് | ലക്ചറർ,<br><br>റേഡിയോ തെറാപ്പി |

**<u>അനുബന്ധം-ബി</u>**

| ക്രമനമ്പർ | പേര് | തസ്തിക/വിഭാഗം |
|---|---|---|
| 1 | ഡോ.അശ്വിൻ.എം | അസിസ്റ്റന്റ് പ്രൊഫസർ,<br><br>ഇ.എൻ.റ്റി |
| 2 | ഡോ.അജയകുമാർ.എസ് | അസിസ്റ്റന്റ് പ്രൊഫസർ,<br><br>ഡെർമറ്റോളജി |
| 3 | ഡോ.പത്മിനി.സി | അസിസ്റ്റന്റ്പ്രൊഫസർ,<br><br>സൈക്യാട്രി |
| 4 | ഡോ.മാലിനി രാഘവൻ | അസിസ്റ്റന്റ് പ്രൊഫസർ,<br><br>ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി |
| 5 | ഡോ.സുചിത്ര.യു | അസിസ്റ്റന്റ് പ്രൊഫസർ, ഫിസിയോളജി |

**<u>അനുബന്ധം-സി</u>**

| ക്രമനമ്പർ | പേര് | തസ്തിക/വിഭാഗം |
|---|---|---|
| 1 | ഡോ.രിജിത്ത്.കെ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 2 | ഡോ.സരോഷ് കുമാർ.കെ.കെ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 3 | ഡോ.രമേശൻ. കെ | അസോഷ്യേറ്റ് പ്രൊഫസർ, |

| | | |
|---|---|---|
| | | ജനറൽ മെഡിസിൻ |
| 4 | ഡോ.സുരാഗ്.എം.കെ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 5 | ഡോ.അജിത്ത് കുമാർ.എം.കെ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 6 | ഡോ.സരിൻ.എസ്.എം | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 7 | ഡോ.മനു മാത്യൂസ് | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 8 | ഡോ.ഖദീജാബീവി | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 9 | ഡോ.മാധവൻ.കെ.റ്റി | അസോഷ്യേറ്റ് പ്രൊഫസർ,<br><br>എമർജൻസി മെഡിസിൻ |
| 10 | ഡോ.കവിത പവിത്രൻ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>പീഡീയാട്രിക്സ് |
| 11 | ഡോ.ഊർമ്മിള.കെ.വി | അസോഷ്യേറ്റ് പ്രൊഫസർ,<br><br>പീഡീയാട്രിക്സ് |
| 12 | ഡോ.ഷമീം അഹമ്മദ്.എസ്.വി | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ഇ.എൻ.റ്റി |
| 13 | ഡോ.ഷമിൻ ജേക്കബ് | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ഒഫ്ത്താൽമോളജി |
| 14 | ഡോ.റിയാസ്.എൻ.എൻ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ഓർത്തോപീഡിക്സ് |
| 15 | ഡോ.മായ റോസ് ജോസ് | അസോഷ്യേറ്റ് പ്രൊഫസർ, അനസ്തേഷ്യോളജി |
| 16 | ഡോ.സിമി കുര്യൻ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി |
| 17 | ഡോ.രശ്മി.വി.പി | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി |
| 18 | ഡോ.നായർ വിനോദ് | അസോഷ്യേറ്റ് പ്രൊഫസർ, |

| | | |
|---|---|---|
| | കുഞ്ഞിരാമൻ | ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി |
| 19 | ഡോ.സബ്ന്നം എസ് നമ്പ്യാർ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി |
| 20 | ഡോ.ഗൗതം ഗോപിനാഥ് | അസോഷ്യേറ്റ് പ്രൊഫസർ,<br><br>യൂറോളജി |
| 21 | ഡോ.സുമ.ആർ.കെ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>കമ്മ്യൂണിറ്റി മെഡിസിൻ |
| 22 | ഡോ.ജീന സാം കുച്ചപ്പിള്ളി | അസോഷ്യേറ്റ് പ്രൊഫസർ,<br><br>പാത്തോളജി |
| 23 | ഡോ.വാണി.എം | അസോഷ്യേറ്റ് പ്രൊഫസർ,<br><br>പാത്തോളജി |
| 24 | ഡോ.ഗീത.ജി.എൻ | അസോഷ്യേറ്റ് പ്രൊഫസർ,<br><br>അനാട്ടമി |
| 25 | ഡോ.ഷീബ.വി | അസോഷ്യേറ്റ് പ്രൊഫസർ,<br><br>ഫിസിയോളജി |
| 26 | ഡോ.സുനിത നാരായണൻ | അസോസിയേറ്റ് പ്രൊഫസർ,<br><br>അനാട്ടമി |

**<u>അനുബന്ധം-ഡി</u>**

| ക്രമനമ്പർ | പേര് | തസ്തിക/വിഭാഗം |
|---|---|---|
| 1 | ഡോ.സുദീപ്.കെ | പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 2 | ഡോ.രഞ്ജിത്ത് കുമാർ.കെ.സി | പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 3 | ഡോ.പ്രമോദ്.വി.കെ | പ്രൊഫസർ,<br><br>ജനറൽ മെഡിസിൻ |
| 4 | ഡോ.ബിജു.റ്റി.പി | പ്രൊഫസർ,<br><br>ജനറൽ സർജറി |
| 5 | ഡോ.മനോജ്.ഡി.കെ | പ്രൊഫസർ,<br><br>പൾമണറി മെഡിസിൻ |

| | | |
|---|---|---|
| 6 | ഡോ.രാധാമണി.കെ.വി | പ്രൊഫസർ,<br><br>പീഡിയാട്രിക്സ് |
| 7 | ഡോ.രജനി.എം | പ്രൊഫസർ,<br><br>പൾമണറി മെഡിസിൻ |
| 8 | ഡോ.ദീപ.ആർ | പ്രൊഫസർ,<br><br>ഇ.എൻ.റ്റി |
| 9 | ഡോ.ലത.എൻ.വി | പ്രൊഫസർ,<br><br>ഒഫ്ത്താൽമോളജി |
| 10 | ഡോ.മൊഹമ്മദ് എം.റ്റി.പി | പ്രൊഫസർ,<br><br>പീഡിയാട്രിക്സ് |
| 11 | ഡോ.അനിൽകുമാർ.എ | പ്രൊഫസർ,<br><br>പീഡിയാട്രിക്സ് |
| 12 | ഡോ.റീത്ത.ജി | പ്രൊഫസർ,<br><br>പീഡിയാട്രിക്സ് |
| 13 | ഡോ.റ്റിങ്കിൾ ആൻ ജോർജ്ജ് | പ്രൊഫസർ,<br><br>പീഡിയാട്രിക്സ് |
| 14 | ഡോ.ബിഫി ജോയ് | പ്രൊഫസർ,<br><br>ഡെർമറ്റോളജി |
| 15 | ഡോ.അനൂപ്.റ്റി.വി | പ്രൊഫസർ,<br><br>ഡെർമറ്റോളജി |
| 16 | ഡോ.യേശുദാസ്.കെ.എഫ് | പ്രൊഫസർ,<br><br>സൈക്യാട്രി |
| 17 | ഡോ.ദ്രുഹിൻ.എ.വി | പ്രൊഫസർ,<br><br>സൈക്യാട്രി |
| 18 | ഡോ.ചാൾസ് തോമസ് | പ്രൊഫസർ,<br><br>അനസ്തേഷ്യോളജി |
| 19 | ഡോ.ബിജു എബ്രഹാം | പ്രൊഫസർ,<br><br>അനസ്തേഷ്യോളജി |
| 20 | ഡോ.വീണ പ്രവീൺ | പ്രൊഫസർ, |

| | | |
|---|---|---|
| | | ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി |
| 21 | ഡോ.ബീന ജോർജ്ജ് | പ്രൊഫസർ,<br><br>ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി |
| 22 | ഡോ.സുമംഗലി.പി.കെ | പ്രൊഫസർ,<br><br>ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി |
| 23 | ഡോ.മഹേഷ്.പി | പ്രൊഫസർ,<br><br>റേഡിയോഡയഗ്നോസിസ് |
| 24 | ഡോ.ഉഷ കരുണാകരൻ | പ്രൊഫസർ,<br><br>കമ്മ്യൂണിറ്റി മെഡിസിൻ |
| 25 | ഡോ.ബീന നമ്പ്യാർ.ഡി | പ്രൊഫസർ,<br><br>അനാട്ടമി |
| 26 | ഡോ.സ്വർണ്ണലത.പി.കെ | പ്രൊഫസർ,<br><br>ഫിസിയോളജി |
| 27 | ഡോ.ഷെറിൻ സ്റ്റീഫൻ | പ്രൊഫസർ,<br><br>ബയോകെമിസ്ട്രി |
| 28 | ഡോ.ഷീബ<br>ദാമോദരൻ.കെ.പി . | പ്രൊഫസർ,<br><br>ഫാർമക്കോളജി |
| 29 | ഡോ.കുട്ടി പി. ഷീല രാമൻ | പ്രൊഫസർ,<br><br>ഇ.എൻ.റ്റി |